**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1499** **28-07-2021 - ൽ മറുപടിയ്ക്ക്**

**വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | ഏഴ് മലയോര പഞ്ചായത്തുകൾ ഉൾപ്പെടുന്ന വെള്ളരിക്കുണ്ട് താലൂക്കിൽ ഫയർ സ്റ്റേഷൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിലേക്കും മറ്റ് പ്രദേശങ്ങളിലേക്കും ഏറ്റവും അടുത്തുള്ള കാഞ്ഞങ്ങാട് ഫയർ സ്റ്റേഷനിൽ നിന്നുപോലും എത്തിച്ചേരാൻ 50 Km അധികം ദൂരം ഉണ്ടെന്നിരിക്കെ, എല്ലാം കൊണ്ടും സൗകര്യപ്രദമായ പരപ്പ വില്ലേജിലെ ബിരിക്കുളത്ത് ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | വകുപ്പുതല സാധ്യതാപഠനം, സ്ഥലത്തിന്റെ ലഭ്യത, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | ബിരിക്കുളം ഫയർസ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (സി) | വകുപ്പുതല സാധ്യതാപഠനം, സ്ഥലത്തിന്റെ ലഭ്യത, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് ഫയർസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ